# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 121

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി.ജോർജ്ജ് | : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ എന്നു മുതലാണ് ശ്രമം തുടങ്ങിയതെന്ന് തീയതി സഹിതം അറിയി ക്കുമോ ; പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ; | | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനുള്ള പ്രാരംഭ നടപടികൾ ആദ്യമായി ആരംഭിച്ചത് 1991-ൽ ആണ്. (തീയതി കാണിക്കുന്ന രേഖകൾ ഒന്നും തന്നെ ലഭ്യമല്ല.) ഇതിന്റെ ഫലമായി 1995-ൽ കുമാർ എനർജി കോർപ്പറേഷനുമായി ഒരു തുറമുഖവും, വൈദ്യുതനിലയവും നിർമ്മിക്കുന്നതിന് അന്നത്തെ സർക്കാർ ഒരു ധാരണാപത്രം ഒപ്പിട്ടു<br><br>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു.<br><br>വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010 - ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012 - ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിയ്ക്കു ശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013 - ൽ ടെണ്ടർ വിളിച്ചു.<br><br>വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. |

പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു.

നിർമ്മാണഘട്ടത്തിലേയ്ക്കാവശ്യമായ 5MW വൈദ്യുതി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തനഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള 220KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിയ്ക്കുന്നതിനു വേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ഇതിൽ നിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്.

ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനു ശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി

(ബി) പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയെ ഏൽപിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ നിർമ്മാണം ഏൽപ്പിക്കുന്നതിനെ സംബന്ധിച്ച് ഇതുവരെ മന്ത്രിസഭാ തീരുമാനമായിട്ടില്ല.

(സി) പദ്ധതിയുടെ നിർമ്മാണത്തിനുള്ള കരാർ ഉറപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കമ്പനിക്കാണ് കരാർ നൽകിയത് ; ഇതിന്റെ കാലാവധിയും അടങ്കൽ തുകയും എത്രയാണെന്ന് വിശദമാക്കുമോ ;

(സി) നിർമ്മാണക്കരാർ ഉറപ്പിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ടിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും, ഇതിൽ നിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ BID സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയാണുണ്ടായത്. അതിൻ പ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷി യോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

ഈ ടെണ്ടർ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കൺസഷനയർക്ക് നാൽപത് കൊല്ലത്തേക്ക് (നാല് കൊല്ലം കൺസ്ട്രക്ഷൻ ഉൾപ്പെടെ) തുറമുഖം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമുള്ള ലൈസൻസ് അനുവദിക്കാനാണ് വ്യവസ്ഥ.

പദ്ധതിയുടെ സർക്കാർ ചെലവാക്കുന്ന ഫണ്ടഡ് വർക്കിന്റെ തുക 1463 കോടി രൂപയാണ്. പി.പി.പി ഘടകത്തിന്റെ തുക 4089 കോടി രൂപയാണ്. ഇതിൽ 1635 കോടി രൂപ വി.ജി.എഫ് ആയി സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കൂടി നല്കേണ്ടതുണ്ട്. ഫണ്ടഡ് വർക്കിന്റെയും പി.പി.പി ഘടകത്തിന്റെയും കൂടി മൊത്തം തുക 5552 കോടി രൂപയാണ്. ഇതിനു പുറമെ സ്ഥലമേറ്റെടുപ്പ് പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് 1973 കോടി രൂപ ചെലവു ഇപ്പോൾ കണക്കാക്കിയിട്ടുണ്ട്.

(ഡി) പദ്ധതിയ്ക്കുവേണ്ടി വിഴിഞ്ഞം പ്രദേശത്ത് എത്ര ഏക്കർ ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത്; ഇതുമൂലം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും ; വിശദമാക്കുമോ ;

(ഡി) പദ്ധതിയ്ക്ക് വിഴിഞ്ഞം പ്രദേശത്ത് 229.10 ഏക്കർ ഭൂമി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്തു കഴിഞ്ഞു. നാളിതുവരെ ഏറ്റെടുത്ത സ്ഥലത്തു നിന്നും (വെയർ ഹൗസ് ഉൾപ്പെടെ) 67 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. അവർക്ക് വീടു വയ്ക്കുന്നതിന് സൗജന്യമായി അഞ്ച് സെന്റ് സ്ഥലം അതാതു വില്ലേജുകളിൽ നിന്ന് തന്നെ നല്കിയിട്ടുണ്ട്. ഇതിനുപുറമേ ആറു മാസത്തെ വാടകയും ആറുമാസത്തേയ്ക്ക് ജീവിതചെലവ് (ഹാർഡ്ഷിപ്പ്) അലവൻസും വിതരണം ചെയ്തിട്ടുണ്ട്. ഈ തരത്തിൽ 25, 75, 500 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പദ്ധതി നടപ്പാക്കുന്നതിനുള്ള എംപവേഡ് കമ്മിറ്റിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

(ഇ) മിനിറ്റ്സിന്റെ സോഫ്റ്റ് കോപ്പി ഇതോടൊപ്പം ചേർക്കുന്നു.

സെക്ഷൻ ഓഫീസർ